**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **03-03-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം താലൂക്ക് ഹോസ്പിറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് ആരംഭിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി കെട്ടിടവും ഭൗതിക സാഹചര്യങ്ങളും തയ്യാറായിട്ടുണ്ട്. RO Plant സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി തൂണേരി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം പൈപ്പിടുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പുതിയ ട്രാൻസ്ഫോമർ സ്ഥാപിച്ച് HT കണക്ഷൻ ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെയും കെ.എസ്.ഇ.ബി.-യുടെയും എസ്റ്റിമേറ്റ് പ്രകാരം 53,00,000/- (അൻപത്തി മൂന്ന് ലക്ഷം രൂപ മാത്രം) യുടെ പദ്ധതിയ്ക്ക് തൂണേരി ബ്ലോക്ക് പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ നിലവിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിൽ ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ, ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജറി, ജൂനിയർ കൺസൾട്ടന്റ് ഗൈനക്ക്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ മെഡിക്കൽ ഓഫീസർ തസ്തികകളിൽ ഓരോ ഒഴിവും ഫാർമസിസ്റ്റ് തസ്തികയിൽ ഒരു ഒഴിവുമാണ് നിലവിലുള്ളത്. ജൂനിയർ കൺസൾട്ടന്റ് തസ്തിക പ്ലേസ്മെന്റ് മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. മറ്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ